# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 5340

01.07.2014 ൽ മറുപടിയ്ക്ക്

## സഹകരണ റിസ്ക് ഫണ്ട് പദ്ധതിയിൽ ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി നിലവിലുണ്ടോ; | (എ) നിലവിലുണ്ട്. |
| (ബി) ഈ പദ്ധതിയിൽ സഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (ബി) കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് മുഖേന 01.04.2008 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കി വരുന്ന "കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി" പ്രകാരം വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക-കാർഷികേതര ആവശ്യങ്ങൾക്ക് വായ്പ നൽകുമ്പോൾ വായ്പാ തുകയുടെ 0.25 ശതമാനമെന്ന നിരക്കിൽ കുറഞ്ഞത് 50 രൂപയും പരമാവധി 375 രൂപയും വായ്പാക്കാരൻ വായ്പ കൈപ്പറ്റുമ്പോൾ സഹകരണ സംഘത്തിൽ റിസ്ക് ഫണ്ട് പ്രീമിയമായി (ഒറ്റത്തവണ പ്രീമിയം) അടയ്ക്കേണ്ടതാണ്. പ്രസ്തുത പദ്ധതിയിൽ അംഗമായ വായ്പക്കാരന് വായ്പാക്കാലാവധി അവസാനിക്കുമ്പോൾ 70 വയസ്സ് അധികരിക്കാൻ പാടില്ലാത്തതും തുടർച്ചയായി വായ്പാ തിരിച്ചടവിൽ 6 മാസത്തിൽ അധികരിച്ച് കുടിശ്ശിക വരുത്താനും പാടില്ലാത്തതാണ്. പ്രസ്തുത പദ്ധതിയിൽ അംഗമായ വായ്പാക്കാരൻ |

മരണപ്പെടുകയാണെങ്കിൽ പദ്ധതി നിബന്ധനകൾക്ക് വിധേയമായി അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒരു നിശ്ചിത പരിധി വരെയുള്ള (ഇപ്പോൾ ഒന്നര ലക്ഷം രൂപ) മുതലും അതിന്റെ പലിശയും വായ്പാ ബാധ്യതയിൽ നിന്ന് ഒഴിവാക്കുന്നു. 30.03.2012 ലെ സ.ഉ (കൈ) നം. 42/2012/സഹ നമ്പർ ഉത്തരവ് പ്രകാരം സ്കീമിൽ പരാമർശിച്ചിട്ടുള്ള അഞ്ച് മാരക രോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ ബാധ്യതയിലെ 75,000/- രൂപ വരെയുള്ള മുതൽ തുകയും അതിന്റെ പലിശയും എഴുതിത്തള്ളുന്നതിനുള്ള വ്യവസ്ഥയും ഉൾപ്പെടുത്തിയിട്ടുണ്ട്. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി മരണപ്പെട്ട അംഗത്തിന്റെ ആശ്രിതർ ബന്ധപ്പെട്ട സഹകരണ സ്ഥാപനം മുഖേന ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിക്കണം. അസുഖം ബാധിച്ചവർ അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധമായ ചികിത്സാ രേഖകളും ആനുകൂല്യം ലഭിക്കുന്നതിനായി ഹാജരാക്കേണ്ടതാണ്.

(സി) ഈ പദ്ധതിയുടെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ എത്രപേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ?

(സി) റിസ്ക് ഫണ്ട് പദ്ധതിയുടെ കീഴിൽ ഈ സർക്കാരിന്റെ കാലത്ത് കാസർഗോഡ് ജില്ലയിൽ നിന്നും 559 വായ്പക്കാർക്കായി 2,35,55,168/- (രണ്ട് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തയ്യായിരത്തി നൂറ്റി അറുപത്തിയെട്ട് രൂപ) യുടെ ആനുകൂല്യം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ